# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4240 03.02.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

ചോദ്യം ഉത്തരം

**ശ്രീ.എ.കെ.ബാലൻ** **ശ്രീ.ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ കഴിഞ്ഞ 5 വർഷത്തെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ 5 വർഷത്തെ എണ്ണം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും കഴിഞ്ഞ 5 വർഷം സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കായി ശുപാർശ ചെയ്ത വരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ ; | (ബി) | കഴിഞ്ഞ 5 വർഷത്തെ എണ്ണം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇതിൽ എത്രപേർക്ക് സ്ഥിര നിയമനം ലഭിച്ചു ; എത്ര പേർക്ക് താൽക്കാലിക നിയമനം ലഭിച്ചു ; | (സി) | 10500 പേർക്ക് സ്ഥിര നിയമനവും 63785 പേർക്ക് താൽക്കാലിക നിയമനവും ലഭിച്ചു. |
| (ഡി) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം ജില്ലാടി സ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (ഡി) | കഴിഞ്ഞ 5 വർഷത്തെ എണ്ണം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ഇ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഇ) | 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി പ്രകാരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളോടൊപ്പം നൈപുണ്യ വികസന കേന്ദ്രങ്ങൾ കൂടി തുടങ്ങുവാൻ നടപടി സ്വീകരിക്കുകയും 2012-13 വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | കണ്ണൂർ, പാലക്കാട് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനായി ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകകൾ മുഖാന്തിരം നടത്തുന്ന HRD പ്രവർത്തനങ്ങൾ, Software Development എന്നിവ കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖാന്തിരമാണ് നടപ്പാക്കുന്നത്. ടി പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. |
| (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ ; | (എഫ്) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് നിലവിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്തു വരുന്ന അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികളുടെ നൈപുണ്യം സൈക്കോമെട്രിക് ടെസ്റ്റ്, അഭിരുചി പരീക്ഷ തുടങ്ങിയവയിലൂടെ കണ്ടെത്തി, അവർക്കാവശ്യമായ മേഖലയിൽ പരിശീലനം നൽകിക്കൊണ്ട് അവരെ തൊഴിലിന് പ്രാപ്തമാക്കുകയും തൊഴിൽ ദാതാക്കളുമായി നേരിട്ട് സഹകരിച്ചുകൊണ്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും ഇപ്രകാരം നിപുണരായ ഉദ്യോഗാർത്ഥികൾക്ക് ജോലി നേടിക്കൊടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ സഹായിക്കുന്നു. |
| (ജി) | സംസ്ഥാനത്ത് സ്വകാര്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് നിയമപരമായ പരിരക്ഷയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| | ജില്ല | തൊഴിലന്വേഷകരുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
| 1 | തിരുവനന്തപുരം | 610061 | 606811 | 625877 | 619015 | 616766 |
| 2 | കൊല്ലം | 434136 | 421923 | 401177 | 432184 | 384186 |
| 3 | ആലപ്പുഴ | 390295 | 400781 | 422242 | 428968 | 319279 |
| 4 | പത്തനംതിട്ട | 177191 | 176263 | 187503 | 185923 | 123424 |
| 5 | കോട്ടയം | 264536 | 274810 | 285826 | 291997 | 269638 |
| 6 | ഇടുക്കി | 126977 | 135067 | 112482 | 120605 | 129749 |
| 7 | എറണാകുളം | 376361 | 368091 | 373733 | 380300 | 326347 |
| 8 | തൃശ്ശൂർ | 377379 | 387430 | 410624 | 416056 | 288451 |
| 9 | പാലക്കാട് | 325500 | 329474 | 337555 | 344091 | 241453 |
| 10 | മലപ്പുറം | 316831 | 306404 | 298147 | 310621 | 293453 |
| 11 | കോഴിക്കോട് | 394330 | 402439 | 379221 | 406352 | 359477 |
| 12 | വയനാട് | 89830 | 88940 | 93509 | 95581 | 101445 |
| 13 | കണ്ണൂർ | 240230 | 194197 | 211068 | 206800 | 200455 |
| 14 | കാസർഗോഡ് | 95494 | 98257 | 105488 | 105609 | 92883 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| | ജില്ല | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും കഴിഞ്ഞ 5 വർഷം ജോലിക്കായി ശുപാർശ ചെയ്തവരുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
| 1 | തിരുവനന്തപുരം | 41654 | 30585 | 26684 | 32611 | 26288 |
| 2 | കൊല്ലം | 19489 | 16832 | 19311 | 21371 | 16481 |
| 3 | ആലപ്പുഴ | 23590 | 14065 | 15892 | 16511 | 16137 |
| 4 | പത്തനംതിട്ട | 9154 | 7808 | 8702 | 13241 | 7421 |
| 5 | കോട്ടയം | 15713 | 9146 | 11171 | 14165 | 10832 |
| 6 | ഇടുക്കി | 9120 | 33535 | 10403 | 8319 | 5491 |
| 7 | എറണാകുളം | 36535 | 18546 | 29939 | 27628 | 28276 |
| 8 | തൃശ്ശൂർ | 22517 | 16624 | 16652 | 23388 | 15785 |
| 9 | പാലക്കാട് | 16846 | 16076 | 14243 | 15636 | 10771 |
| 10 | മലപ്പുറം | 21276 | 17582 | 16671 | 23897 | 12622 |
| 11 | കോഴിക്കോട് | 15694 | 6228 | 17939 | 20160 | 17106 |
| 12 | വയനാട് | 8285 | 9692 | 6160 | 8412 | 5564 |
| 13 | കണ്ണൂർ | 15904 | 9181 | 10347 | 13319 | 9239 |
| 14 | കാസർഗോഡ് | 11158 | 8908 | 7917 | 7726 | 6263 |

സെക്ഷൻ ഓഫീസർ

## അനുബന്ധം III

| | ജില്ല | തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
| 1 | തിരുവനന്തപുരം | 63108 | 63529 | 63712 | 62713 | 48432 |
| 2 | കൊല്ലം | 44309 | 46102 | 43890 | 37975 | 36865 |
| 3 | പത്തനംതിട്ട | 8294 | 7799 | 6342 | 6006 | 4931 |
| 4 | ആലപ്പുഴ | 46857 | 40362 | 38904 | 34075 | 33604 |
| 5 | കോട്ടയം | 16751 | 14958 | 13331 | 12625 | 11879 |
| 6 | ഇടുക്കി | 9830 | 9175 | 8475 | 6757 | 5023 |
| 7 | എറണാകുളം | 18784 | 18414 | 16690 | 12850 | 12612 |
| 8 | തൃശ്ശൂർ | 17968 | 17935 | 16978 | 16760 | 16340 |
| 9 | പാലക്കാട് | 13503 | 13152 | 13167 | 12968 | 13183 |
| 10 | മലപ്പുറം | 22835 | 23249 | 22949 | 23230 | 23227 |
| 11 | കോഴിക്കോട് | 32756 | 34181 | 30178 | 29329 | 26314 |
| 12 | വയനാട് | 3721 | 3401 | 3033 | 2920 | 2475 |
| 13 | കണ്ണൂർ | 15754 | 15690 | 14964 | 14044 | 11471 |
| 14 | കാസർഗോഡ് | 7802 | 7456 | 7945 | 7323 | 7545 |

സെക്ഷൻ ഓഫീസർ